(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഐ.എ. വൈ.

1 (1472) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മുതൽ 2015 നവംബർ 30 വരെ പണി പൂർത്തീകരിയ്ക്കാത്ത എത്ര ഐ. എ. വൈ. പ്രകാരമുള്ള വീടുകളുണ്ട്; പ്രസ്തുത വീടുകൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ പണം നൽകുമോ ; വിശദവിവരം നൽകുമോ;

(ബി) കേന്ദ്രത്തിൽ നിന്നും പ്രസ്തുത പദ്ധതിയ്ക്കായി ലഭിച്ച തുക എത്ര ; ജില്ല തിരിച്ച് വിശദവിവരം നൽകുമോ;

(സി) 2015-16 വർഷത്തിലേക്ക് ഐ. എ. വൈ. പ്രകാരം എത്ര വീടുകൾ അനുദിച്ചു ; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ ?

ഉത്തരം

(എ) 14,465 വീടുകൾ. പ്രസ്തുത വീടുകൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ കേന്ദ്രവിഹിതം, സംസ്ഥാനവിഹിതം സംസ്ഥാന സർക്കാർ നൽകുന്ന അധിക ധനസഹായം, ത്രിതല പഞ്ചായത്ത് വിഹിതം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണ പുരോഗതിയനുസരിച്ച് ടി തുക ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്.

(ബി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) 2015-16 വർഷത്തേക്ക് 59,060 വീടുകളാണ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽനിന്നും സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

പി.എം.ജി.എസ്.വൈ. പദ്ധതി

2 (1473) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതി അനുസരിച്ച് മുടങ്ങിക്കിടന്ന റോഡുകളുടെ പണിക്ക് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതി അനുസരിച്ച് മുടങ്ങിക്കിടന്ന റോഡു പണിക്ക് പ്രത്യേകം പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ നിരവധി തവണ ടെണ്ടർ ക്ഷണിച്ചിട്ടും പ്രതികരണമില്ലാത്ത ഫേസ് 2 മുതൽ 7 വരെയുള്ള പ്രവൃത്തികൾ 2010 ഷെഡ്യൂൾ പ്രകാരം റിവൈസ് ചെയ്ത് ടി പ്രവൃത്തികൾക്ക് 42 ശതമാനം ടെണ്ടർ പ്രീമിയം അനുവദിച്ചത് വഴി 155 പ്രവൃത്തികൾക്ക് കരാർ ഉറപ്പിക്കുന്നതിന് സാധിച്ചു. വിവിധ കാരണങ്ങളാൽ ആരംഭിക്കാത്തതും മുടങ്ങിക്കിടക്കുന്നതുമായ മുൻ ഘട്ടങ്ങളിലെ 130 കി.മീറ്റർ ദൈർഘ്യം വരുന്ന 68 റോഡുകളുടെ പ്രവൃത്തികൾക്ക് 2013 പി.എം.ജി.എസ്.വൈ ലോക്കൽ മാർക്കറ്റ് ആധാരമായിട്ടുള്ള schedule of rate പ്രകാരം സംസ്ഥാന സർക്കാർ വിഹിതമായി 60.64 ലക്ഷം രൂപ അധികമായി നൽകി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ടെണ്ടർ പ്രീമിയം അനുവദിച്ചതുവഴി ഇതിനകം 107 റോഡുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുവഴി അനുവദിച്ചതിലെ പൂർത്തീകരണ നിരക്ക് കൂട്ടുന്നതിലൂടെ കൂടുതൽ റോഡുകൾ പി.എം.ജി.എസ്.വൈ. രണ്ടാം ഘട്ടത്തിൽ കേന്ദ്രസർക്കാരിൽ നിന്നും അനുമതിക്കായി ശ്രമിക്കാവുന്നതാണ്.

(സി) പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി സംസ്ഥാന തലത്തിൽ ഒരു ചീഫ് എഞ്ചിനീയറേയും ഒരു എംപവേർഡ് ഓഫീസറേയും ഒരു ഫിനാൻഷ്യൽ കൺട്രോളറേയും നിയോഗിച്ചിട്ടുണ്ട്. പദ്ധതിയിൽ നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി 12 സ്വതന്ത്ര സ്റ്റേറ്റ് ക്വാളിറ്റി മോണിറ്റർമാരെ നിയമിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ പദ്ധതികളിലേക്ക് കരാറുകാരെ ആകർഷിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികളുടെ മാർക്കറ്റ് വില നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരുകളിലെ ഉദ്യോഗസ്ഥരുടെ അദ്ധ്യക്ഷതയിൽ കരാറുകാരുടെ യോഗവും പരിശീലന പരിപാടിയും അവലോകനവും സംഘടിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES • Kerala Legislative Assembly